"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - എം.എസ്.സി സ്കൂൾസ് കോർപ്പറേറ്റ് മാനേജർ സർക്കാരിൽ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.5345/2026/GEDN തീയതി,തിരുവനന്തപുരം, 10-08-2026

---

പരാമർശം:-
1. സ.ഉ(കൈ) നം.54/2024/പൊ.വി.വ തീയതി, 01.06.2024
2. എം.എസ്.സി സ്കൂൾസ് കോർപ്പറേറ്റ് മാനേജർ 15.12.2025 തീയതിയായി സർക്കാരിൽ സമർപ്പിച്ച റിവിഷൻ ഹർജി
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 01.03.2026 തീയതിയിലെ E.T1/3872/2026/ഡി.ജി.ഇ നമ്പർ കത്ത്

**ഉത്തരവ്**

പട്ടം സെൻറ് മേരീസ് എച്ച്.എസ്.എസ്-ൽ യു.പി.എസ്.ടി. ആയിരുന്ന ശ്രീമതി. ഷാനി സി. എബ്രഹാമിന്റെ 07.03.2024 മുതലുള്ള കിഴക്കേക്കര സെന്റ് മേരീസ് എച്ച്.എസ്.എസ്. ലേയ്ക്കുള്ള സ്ഥലംമാറ്റ നിയമനം അംഗീകരിക്കുന്നത് സംബന്ധിച്ച് മാനേജർ സമർപ്പിച്ച അപ്പീലിൽ 02.03.2026 തീയതിയിൽ വാദം കേട്ടു.

**2.മാനേജർ താഴെപ്പറയുന്ന പ്രകാരം കാര്യങ്ങൾ ബോധിപ്പിച്ചു :**

എം.എസ്.സി. കോർപ്പറേറ്റ് മാനേജ്മെന്റിന്റെ പട്ടം സെന്റ് മേരീസ് ഹൈസ്കൂളിൽ യു.പി.എസ്.റ്റി. ആയിരുന്ന ശ്രീമതി. റീന എസ്.എം.-ന്റെ എച്ച്.എസ്.റ്റി. സ്ഥാനക്കയറ്റ ഒഴിവിലാണ് 15.07.2021 മുതൽ ശ്രീമതി. ഷാനി സി എബ്രഹാമിനെ യു.പി.എസ്.റ്റി. തസ്തികയിൽ പട്ടം സെന്റ് മേരീസ് എച്ച്.എസ്.എസ്.-ൽ നിയമിച്ചത്. നിയമനാംഗീകാരത്തിനായുള്ള പ്രൊപ്പോസൽ തിരുവനന്തപുരം ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ സമർപ്പിച്ചുവെങ്കിലും നിയമനാംഗീകാരം നിരസിച്ചു.

തിരുവനന്തപുരം ജില്ലാവിദ്യാഭ്യാസ ഓഫീസറുടെ ഉത്തരവിനെതിരെ തിരുവനന്തപുരം

ഡി.ഡി.ഇ. യ്ക്ക് അപ്പീൽ സമർപ്പിച്ചിരുന്നുവെങ്കിലും, അപ്പീൽ നിരസിച്ചു. ഈ ഉത്തരവുകൾക്കെതിരെ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് റിവിഷൻ അപ്പീൽ സമർപ്പിക്കുകയും ഇ.റ്റി4/15638/24 തീയതി 02.08.2024 പ്രകാരം അപ്പീൽ അനുവദിച്ച് ഉത്തരവായിട്ടുള്ളതുമാണ്. ടി അപ്പീൽ ഉത്തരവിൽ (ക്രമ നമ്പർ 29) ശ്രീമതി ഷാനി സി എബ്രഹാമിന്റെ യു.പി.എസ്.റ്റി. നിയമനം റഗുലർ ഒഴിവിൽ ആയതിനാൽ, 15.07.2021 മുതൽ തുടർച്ചയായി അംഗീകരിക്കുന്നതിനാണ് പൊതുവിദ്യാഭ്യാസ ഡയറക്ടർ നിർദ്ദേശിച്ചിരുന്നത്. എന്നാൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവിനു വിരുദ്ധമായി ശ്രീമതി. ഷാനി സി എബ്രഹാമിന്റെ യു.പി.എസ്.റ്റി. നിയമനം 15.07.2021 മുതൽ 06.03.2024 വരെ പരിമിതപ്പെടുത്തിയാണ് തിരുവനന്തപുരം ജില്ലാവിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ചു നൽകിയത്. ഒരു റഗുലർ ഒഴിവിൽ 15.07.2021 മുതൽ നിയമനം ലഭിച്ച ശ്രീമതി ഷാനി സി എബ്രഹാമിനെ 06.03.2024-ൽ മറ്റൊരു റഗുലർ ഒഴിവിൽ മാറ്റി നിയമിച്ചത് ഭിന്നശേഷി നിയമനം നൽകുന്നതിനുവേണ്ടിയായിരുന്നു. 18.11.2018-നും 08.11.2021 നുമിടയിലുള്ള ഒഴിവുകൾ ഭിന്നശേഷി വിഭാഗത്തിന് മാറ്റി വയ്ക്കുന്നതിന് സർക്കാർ നിർദ്ദേശിച്ചിരുന്നു. മാത്രമല്ല ഭിന്നശേഷി ഒഴിവിൽ നിയമിച്ചിരുന്ന അധ്യാപകരെ കൃത്യമായി മറ്റ് ഒഴിവുകളിൽ മാറ്റി നിയമിക്കുന്നതിനും സർക്കാർ നിർദ്ദേശിച്ചിരുന്നു. അപ്രകാരമാണ് ശ്രീമതി ഷാനി സി എബ്രഹാമിനെ 07.03.2024 മുതൽ കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ പരിധിയിലുള്ള കിഴക്കേതെരുവ് സെൻ്്റ് മേരീസ് എച്ച്.എസ്. എസ്.-ൽ മാറ്റി നിയമിച്ചത്. ഈ നിയമനം, (07.03.2024) യഥാർത്ഥത്തിൽ സ്ഥലംമാറ്റ നിയമനം ആയിരുന്നു. ടിയാളുടെ 15.07.2021 മുതലുള്ള നിയമനം തുടർച്ചയായി അംഗീകരിക്കുന്നതിന് അപ്പലേറ്റ് ഉത്തരവ് ഉണ്ടായിരുന്നുവെങ്കിലും, നിയമനം 06.03.2024 വരെ പരിമിതപ്പെടുത്തിയാണ് തിരുവനന്തപുരം ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ചത്. തികച്ചും ചട്ടവിരുദ്ധവും, സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധവുമായിട്ടാണ് ശ്രീമതി ഷാനി സി എബ്രഹാമിന്റെ നിയമനം 06.03.2024 വരെയായി പരിമിതപ്പെടുത്തിയത്. 15.07.2021 മുതലുള്ള നിയമനം യഥാസമയം അംഗീകരിച്ച് ഉത്തരവ് ലഭിച്ചിരുന്നുവെങ്കിൽ 06.03.2024 വരെ പരിമിതപ്പെടുത്താനെ 15.07.2021 മുതൽ തുടർച്ചയായി ലഭിക്കേണ്ടതായിരുന്നു.

ശ്രീമതി ഷാനി സി എബ്രഹാമിന്റെ യു.പി.എസ്.റ്റി. നിയമനം 15.07.2021 മുതൽ തുടർച്ചയായി അംഗീകരിച്ച് ഉത്തരവ് ലഭിച്ചിരുന്നുവെങ്കിൽ, ടിയാളുടെ 07.03.2024 മുതലുള്ള സ്ഥലം മാറ്റം അംഗീകരിക്കുന്നതിന് തടസമുണ്ടാകുമായിരുന്നില്ല.

ശ്രീമതി ഷാനി സി എബ്രഹാമിന്റെ യു.പി.എസ്.റ്റി. നിയമനം 15.07.2021 മുതൽ

06.03.2024 വരെ മാത്രം പരിമിതപ്പെടുത്തി നൽകിയ ഉത്തരവ് ചട്ടവിരുദ്ധമായതിനാൽ പുനഃപരിശോധിച്ച്, അപാകത പരിഹരിക്കാൻ നിർദ്ദേശിക്കണമെന്നും, ഒഴിവ് സ്ഥാപിതമായതിനാൽ 15.07.2021 മുതൽ തുടർച്ചയായി നിയമനം അംഗീകരിച്ച് അപ്പീൽ തീർപ്പാക്കണമെന്നും, ശ്രീമതി ഷാനി സി എബ്രഹാം 51എ അവകാശിയായതിനാൽ 07.03.2024 മുതൽ ടിയാളെ പട്ടത്തു നിന്നും, കൊട്ടാരക്കര കിഴക്കേക്കര സെൻ്റ് മേരീസ് എച്ച്.എസ്.എസ്. -ൽ സ്ഥാപിത ഒഴിവിൽ (ശ്രീ. അലക്സാണ്ടർ എസ് -ന്റെ സ്ഥാനക്കയറ്റ ഒഴിവ് സ്ഥാനക്കയറ്റം അംഗീകരിച്ചിട്ടുണ്ട്) സ്ഥലം മാറ്റി നിയമിച്ച നടപടി ക്രമപ്രകാരമായതിനാൽ ശ്രീമതി ഷാനി സി എബ്രഹാമിന്റെ സ്ഥലംമാറ്റം അംഗീകരിക്കാൻ കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി അപ്പീൽ തീർപ്പാക്കണമെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടറോട് ആവശ്യപ്പെട്ടുകൊണ്ട് റിവിഷൻ അപ്പീൽ സമർപ്പിച്ചിരുന്നുവെങ്കിലും ഇ.റ്റി1/20862/25 തീയതി 30.11.2025 ഉത്തരവ് പ്രകാരം റിവിഷൻ അപ്പീൽ നിരസിച്ചു.

സമാന വിഷയത്തിൽ, ഭിന്നശേഷി വിഭാഗത്തിനായി മാറ്റിവച്ചിരുന്ന ഒഴിവിൽ നിയമിതയായിരുന്ന ശ്രീമതി ദീപ്തി തോമസിന്റെ എച്ച്.എസ്.റ്റി. (ഗണിതം) നിയമനം 15.07.2021 മുതൽ ഭിന്നശേഷി ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിക്കുന്നതുവരെ പരിമിതപ്പെടുത്തി അംഗീകരിക്കുകയും, തുടർന്ന് 03.06.2024 മുതൽ ശ്രീമതി ദീപ്തി തോമസിനെ മാറ്റി നിയമിക്കുകയും. പ്രസ്തുത നിയമനം തിരുവനന്തപുരം ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ചു നൽകിയിട്ടുള്ളതുമാണ്.

ഒരേ വിഷയത്തിൽ വ്യത്യസ്ത ഉത്തരവുകൾ നൽകിയിരിക്കുന്നത് നീതിയുക്തമല്ല. മേൽപ്പറഞ്ഞ വസ്തുതകളുടെ അടിസ്ഥാനത്തിൽ, 51എ അവകാശിയായ ശ്രീമതി ഷാനി സി എബ്രഹാമിന്റെ 15.07.2021 മുതലുള്ള റഗുലർ തസ്തികയിലെ യു.പി.എസ്.റ്റി. നിയമനം തുടർച്ചയായി അംഗീകരിച്ചു നൽകുന്നതിന് തിരുവനന്തപുരം ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകണമെന്നും, അപ്രകാരം, 07.03.2024 മുതലുള്ള ശ്രീമതി ഷാനി സി എബ്രഹാമിന്റെ സ്ഥലംമാറ്റം അംഗീകരിക്കുന്നതിന് കൊട്ടാരക്കര ജില്ലവിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി റിവിഷൻ പെറ്റിഷൻ തീർപ്പാക്കണമെന്നും അല്ലാത്ത പക്ഷം, ശ്രീമതി ഷാനി സി എബ്രഹാമിന്റെ (51എ) 07.03.2024 മുതലുള്ള നിയമനം, പുനർനിയമനമായി കണക്കാക്കി പുതിയ പ്രൊപ്പോസൽ സമർപ്പിക്കുന്നതിനും, ടി പ്രൊപ്പോസൽ കാലതാമസം പരിഗണിക്കാതെ അംഗീകരിക്കുന്നതിന് കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി റിവിഷൻ പെറ്റിഷൻ തീർപ്പാക്കണമെന്നും അപേക്ഷിക്കുന്നു.

3.പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് ഇപ്രകാരമാണ്:

പട്ടം സെന്റ് മേരീസ് എച്ച്.എസ്.എസ് ൽ യു.പി.എസ്.ടി. ആയിരുന്ന ശ്രീമതി റീന എസ്.എം. നെ 15.07.2021 മുതൽ എച്ച്.എസ്.ടി. ആയി സ്ഥാനക്കയറ്റം നൽകി കുളത്തൂപ്പുഴ ബി.എം.ജി.എച്ച്.എസ് ൽ നിയമിച്ച ഒഴിവിൽ 15.07.2021 മുതൽ ശ്രീമതി ഷാനി സി. എബ്രഹാമിനെ യു.പി.എസ്.ടി. ആയി നിയമിച്ചിരുന്നു. ശ്രീമതി. ഷാനി സി. എബ്രഹാമിന്റെ നിയമനം തിരുവനന്തപുരം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 28.09.2021 തീയതിയിലെ ബി.3/25657/2021 നമ്പർ ഉത്തരവ് പ്രകാരം നിരസിച്ചു നൽകി. തുടർന്ന് മാനേജർ റിവിഷൻ പെറ്റീഷൻ പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് നൽകുകയും പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 02.08.2024 തിയതിയിലെ ഇ.ടി.4/15638/2024/ഡി.ജി.ഇ. ഉത്തരവ് പ്രകാരം, സീനിയർ അവകാശികളുടെ നിയമനങ്ങൾ അപ്പലേറ്റ് ഉത്തരവുകളുടെ അടിസ്ഥാനത്തിൽ അംഗീകരിച്ച് നൽകിയതിനാൽ റിവിഷൻ അപ്പീൽ അനുവദിച്ച് നൽകി.

തുടർന്ന്, ശ്രീമതി ഷാനി സി.എബ്രഹാമിന്റെ 15.07.2021 മുതലുള്ള യു.പി.എസ്.ടി. നിയമനം 24.03.2023 ലെ സ.ഉ. (കൈ) നം. 29/2023/പൊ.വി.വ. ഉത്തരവിലെ വ്യവസ്ഥയിൻ പ്രകാരം താൽക്കാലികമായി 15.07.2021 മുതൽ 06.03.2024 വരെ ശമ്പളസ്കെയിലിൽ അംഗീകരിച്ച് ഉത്തരവായി.

മാനേജർ 7/3/2024 മുതൽ കിഴക്കേക്കര സെന്റ്റ്. മേരീസ് എച്ച് എസ് എസ് ലേക്ക് ടിയാളെ സ്ഥലമാറ്റം നൽകി നിയമിച്ചു. കിഴക്കേക്കര സെന്റ്റ് മേരീസ് എച്ച് എസ് എസ് ലെ യു പി എസ് ടി ആയിരുന്ന ശ്രീ. അലക്സാണ്ടർ. എസ് ന് 01/06/2023 ന അടൂർ പി വി എൽ പി എസ് ലേക്ക് പ്രഥമാധ്യാപകൻ ആയി സ്ഥാനക്കയറ്റം നൽകിയ ഒഴിവിലായിരുന്നു ടി നിയമനം. എന്നാൽ, ശ്രീമതി ഷാനി സി എബ്രഹാമിന്റെ സെൻറ് മേരീസ് പട്ടം സ്കൂളിലെ യു പി എസ് ടി നിയമനം 15/7/2021 മുതൽ 6/3/2024 വരെ മാത്രമാണ് തിരുവനന്തപുരം ജില്ലാ വിദ്യാഭ്യാസ ഓഫീസർ താൽക്കാലികമായി അംഗീകരിച്ചിട്ടുള്ളത്. 07/03/2024 മുതൽ നിയമനാംഗീകാരം ലഭിക്കാത്ത സാഹചര്യത്തിൽ ടി തീയതി മുതലുള്ള സ്ഥലം മാറ്റവും അംഗീകരിക്കാൻ സാധിക്കില്ല എന്ന സാഹചര്യത്തിൽ 07/03/2024 മുതൽ കിഴക്കേക്കര സെൻറ് മേരീസ് എച്ച്.എസ്.എസ്. ലേക്കുള്ള ശ്രീമതി ഷാനി സി എബ്രഹാം (യു പി എസ് ടി) ന്റെ സ്ഥലം മാറ്റം കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചു നൽകി.

മേൽ വിഷയം പരിശോധിച്ചതിൽ നിന്നും ശ്രീമതി ഷാനി സി എബ്രഹാം ഭിന്നശേഷിക്കാർക്കായി നിക്കിവെച്ചിരുന്ന ഒഴിവിൽ താൽക്കാലിക അടിസ്ഥാനത്തിൽ നിയമനാംഗികാരത്തോടുകൂടി തുടർന്ന് വരികയായിരുന്നു. 24/3/2023 തീയതിയിലെ സ.ഉ.(കൈ) നം.29/2023/പൊ.വി.വ ഉത്തരവിലെ പാരാ 2 ൽ ഭിന്നശേഷിയ്ക്കായി മാറ്റി വെച്ച ഒഴിവിൽ നടത്തുന്ന നിയമനങ്ങൾ ഭിന്നശേഷി ഉദ്ധ്യോഗാർത്ഥി ജോലിയിൽ പ്രവേശിയ്ക്കുന്ന തിയതി

വരെയായി പരിമിതപ്പെടുത്തി ഉത്തരവ് നൽകേണ്ടതെന്ന് ഉത്തരവായിട്ടുണ്ട്. ഇപ്രകാരം തുടരവേ ടിയാളെ മാനേജർ കിഴക്കേക്കര സെൻ്ററ് മേരിസ് എച്ച് എസ് എസ് ലേക്ക് സ്ഥലമാറ്റം നൽകിയത് ക്രമപ്രകാരമല്ല. പ്രസ്തുത സാഹചര്യത്തിൽ പട്ടം സെൻ്റ് മേരിസ് എച്ച് എസ് ലെ ശ്രീമതി ഷാനി സി എബ്രഹാം ന്റെ 15/7/2021 മുതലുള്ള യൂ പി എസ് ടി തസ്തികയിലെ നിയമനം 6/3/2024 വരെ പരിമിതപ്പെട്ടുത്തി ഉത്തരവ് നൽകിയ തിരുവനന്തപുരം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ നടപടിയും, കിഴക്കേക്കര സെൻ്റ് മേരീസ് എച്ച് എസ് ലെ ശ്രീമതി ഷാനി സി എബ്രഹാമിന്റെ നിയമനം പുതിയ നിയമനമായി മാത്രമേ കണക്കാക്കാൻ കഴിയുകയുള്ളു എന്നതിനാൽ ടി നിയമനം നിരസിച്ച കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ നടപടിയും ക്രമപ്രകാരമാണ് എന്നതിനാൽ മാനേജർ സമർപ്പിച്ച റിവിഷൻ ഹർജി നിരസിച്ചുകൊണ്ട് ഉത്തരവായിരുന്നു.

ചട്ടം 51എ അവകാശിയായ ശ്രീമതി ഷാനി സി എബ്രഹാമിന്റെ 15.07.2021 മുതലുള്ള റഗുലർ തസ്തികയിലെ യു.പി.എസ്.റ്റി. നിയമനം തുടർച്ചയായി അംഗീകരിച്ചു നൽകുന്നതിന് തിരുവനന്തപുരം ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകണമെന്നും, അപ്രകാരം, 07.03.2024 മുതലുള്ള ശ്രീമതി ഷാനി സി എബ്രഹാമിന്റെ സ്ഥലംമാറ്റം അംഗീകരിക്കുന്നതിന് കൊട്ടാരക്കര ജില്ലവിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി റിവിഷൻ പെറ്റിഷൻ തീർപ്പാക്കണമെന്നും, അല്ലാത്ത പക്ഷം, ശ്രീമതി ഷാനി സി എബ്രഹാമിന്റെ 07.03.2024 മുതലുള്ള നിയമനം, പുനർനിയമനമായി കണക്കാക്കി പുതിയ പ്രൊപ്പോസൽ സമർപ്പിക്കുന്നതിനും, ടി പ്രൊപ്പോസൽ കാലതാമസം പരിഗണിക്കാതെ അംഗീകരിക്കുന്നതിന് കൊട്ടാരക്കര ജില്ലാവിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകണമെന്നുമാണ് മാനേജരുടെ അപ്പീലിലെ ആവശ്യം. നിലവിലെ ഭിന്നശേഷി ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ശ്രീമതി ഷാനി സി എബ്രഹാമിന്റെ 07.03.2024 മുതലുള്ള നിയമനം, പുനർനിയമനമായി കണക്കാക്കി പുതിയ പ്രൊപ്പോസൽ മാനേജർ സമർപ്പിക്കുന്ന പക്ഷം ടി നിയമനം കാലതാമസം കണക്കാകാതെ പരിഗണിയ്ക്കാവുന്നതാണെന്നുള്ള വിവരം സർക്കാരിനെ അറിയിച്ചുകൊള്ളുന്നു.

4 . സർക്കാർ ഈ വിഷയം ഹർജിക്കാരന്റെ വാദം, വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട്, നിലവിലെ ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു.

കൊട്ടാരക്കര കിഴക്കേ തെരുവ് സെൻ്് മേരിസ് എച്ച്.എസ്.എസ് ൽ നിന്നും യു.പി.എസ്.ടി. ആയിരുന്ന ശ്രീ. അലക്സാണ്ടർ എസ് ന് അടൂർ സ്കൂളിലേക്ക് പ്രഥമാധ്യാപകനായി സ്ഥാനക്കയറ്റം ലഭിച്ചു. ശ്രീ. അലക്സാണ്ടറിന് പ്രൊമോഷൻ ലഭിച്ചു പോയ ഒഴിവിലേക്ക് പട്ടം സെൻറ് മേരീസ് എച്ച്.എസ്.എസ്.എസിൽ നിന്നും യു.പി.എസ്.ടി. ആയ ശ്രീമതി. ഷാനി സി എബ്രഹാമിനെ 07.03.2024 തീയതി പ്രാബല്യത്തിൽ കിഴക്കേ തെരുവ് സെൻ്് മേരിസ് എച്ച്.എസ്.എസ് ലേക്ക് സ്ഥലംമാറ്റം നടത്തി മാനേജർ നിയമിച്ചു. എന്നാൽ ശ്രീമതി. ഷാനി സി

എബ്രഹാമിന്റെ പട്ടം സെൻറ് മേരീസ് എച്ച്.എസ്.എസ് നിയമനം ഭിന്നശേഷിക്കാർക്ക് വച്ചിരുന്ന ഒഴിവിൽ താൽക്കാലികാടിസ്ഥാനത്തിൽ ഭിന്നശേഷി ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിക്കുന്ന തീയതി വരെ പരിമിതപ്പെടുത്തിയായിരുന്നു അംഗീകരിച്ചിട്ടുള്ളത് എന്നതിനാൽ, ഇപ്രകാരം തുടരവെ ടിയാളെ മാനേജർ കിഴക്കേക്കര സെന്റ് മേരീസ് ലേയ്ക്ക് സ്ഥലംമാറ്റിയത് ക്രമപ്രകാരമല്ലാത്തതിനാൽ 07.03.2024 മുതലുള്ള ശ്രീമതി. ശ്രീമതി. ഷാനി സി എബ്രഹാമിന്റെ സ്ഥലംമാറ്റ നിയമനം നിരസ്കരിക്കപ്പെട്ടു. ചട്ടം 51എ അവകാശിയായ ശ്രീമതി ഷാനി സി എബ്രഹാമിന്റെ 15.07.2021 മുതലുള്ള റഗുലർ തസ്തികയിലെ യു.പി.എസ്.റ്റി. നിയമനം തുടർച്ചയായി അംഗീകരിച്ചു നൽകുന്നതിന് തിരുവനന്തപുരം ജില്ലാവിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകണമെന്നും, അപ്രകാരം, 07.03.2024 മുതലുള്ള ശ്രീമതി ഷാനി സി എബ്രഹാമിന്റെ സ്ഥലംമാറ്റം അംഗീകരിക്കുന്നതിന് കൊട്ടാരക്കര ജില്ലവിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി റിവിഷൻ പെറ്റിഷൻ തീർപ്പാക്കണമെന്നും, അല്ലാത്ത പക്ഷം, ശ്രീമതി ഷാനി സി എബ്രഹാമിൻറെ 07.03.2024 മുതലുള്ള നിയമനം, പുനർനിയമനമായി കണക്കാക്കി പുതിയ പ്രൊപ്പോസൽ സമർപ്പിക്കുന്നതിനും, ടി പ്രൊപ്പോസൽ കാലതാമസം പരിഗണിക്കാതെ അംഗീകരിക്കുന്നതിന് കൊട്ടാരക്കര ജില്ലാവിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകണമെന്നുമാണ് മാനേജരുടെ അപ്പീലിലെ ആവശ്യം. നിലവിലെ ഭിന്നശേഷി നിയമനം സംബന്ധിച്ച ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ശ്രീമതി. ഷാനി സി എബ്രഹാമിന്റെ 07.03.2024 മുതലുള്ള നിയമനം പുനർ നിയമനമായി കണക്കാക്കി പുതിയ പ്രൊപ്പോസൽ മാനേജർ സമർപ്പിക്കുന്ന പക്ഷം ടി നിയമനം കാലതാമസം കണക്കാക്കാതെ പരിഗണിക്കാവുന്നതാണെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5. ഈ സാഹചര്യത്തിൽ ശ്രീമതി ഷാനി സി എബ്രഹാമിന്റെ 07.03.2024 മുതലുള്ള കിഴക്കേക്കര സെൻറ് മേരീസ് സ്കൂളിലെ യു.പി.എസ്.ടി. നിയമനം പുനർനിയമനം ആയി കണക്കാക്കി പുതിയ പ്രൊപ്പോസൽ മാനേജർ സമർപ്പിക്കുന്ന മുറയ്ക്ക് പ്രൊപ്പോസൽ സമർപ്പിക്കുന്നതിലെ കാലതാമസം മാപ്പാക്കി 07.03.2024 തീയതി മുതലുള്ള നിയമനം ഒഴിവ് വ്യവസ്ഥാപിതമെന്ന് ഉറപ്പുവരുത്തി മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ അംഗീകരിക്കാൻ കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

M RATHEESH

അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തിരുവനന്തപുരം.

ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കൊട്ടാരക്കര.

കോർപ്പറേറ്റ് മാനേജർ, എം.എസ്.സി സ്കൂൾസ് , കറസ്പോണ്ടന്റിന്റെ കാര്യാലയം സമന്വയ

പാസ്റ്ററൽ സെന്റർ, സെന്റ്. മേരീസ് കോമ്പൗണ്ട് പട്ടം, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക ( വെബ് & ന്യൂമീഡിയ ) വകുപ്പ്.

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Digitally signed by
Ragasmitha V M
Date: 10-08-2026
11:55:53

സെക്ഷൻ ഓഫീസർ